**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 578** **11-06-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.റ്റി. നികുതി നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2018 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ ജി.എസ്.റ്റി. നികുതി നിർണ്ണയം പൂർത്തീകരിച്ചപ്പോൾ നികുതിയെക്കാൾ കൂടുതൽ പിഴയും പലിശയും നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തി കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ജി.എസ്.ടി. നിയമ പ്രകാരമുള്ള പലിശയും പിഴയുമാണ് ഈടാക്കി വരുന്നത്. CGST/KSGSTനിയമം, 2017 ന്റെ വകുപ്പ് 73(9) പ്രകാരം കണ്ടെത്തുന്ന നികുതിയുടെ പത്തു ശതമാനമോ, അല്ലെങ്കിൽ 10000 രൂപയോ, ഇതിൽ ഏതാണോ കൂടുതൽ അതാണ് ഓരോ നിയമത്തിലും പെനാൽറ്റിയായി ചുമത്തുന്നത്. ആയതിനാൽ ചില സാഹചര്യങ്ങളിൽ, കണ്ടെത്തുന്ന നികുതിയേക്കാൾ കൂടുതൽ പിഴ ഈടാക്കേണ്ടി വന്നേക്കാം. |
| (ബി) | ജി.എസ്.റ്റി. നെറ്റ്‌വർക്കിന്റെ തടസ്സങ്ങൾ, പുതിയ സ്കീമിനെ കുറിച്ചുള്ള പരിജ്ഞാനമില്ലായ്മ എന്നിവ കാരണമുണ്ടായ കാലതാമസങ്ങളാൽ ഉണ്ടായിട്ടുള്ള പിഴ ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ജി.എസ്.ടി. നടപ്പിലാക്കിയ പ്രാരംഭ ഘട്ടത്തിൽ നിയമത്തെ കുറിച്ചുള്ള അവ്യക്തത നിമിത്തം ഇൻപുട്ട് ടാക്സുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇത് പരിഹരിക്കുന്നതിലേക്കായി കേരളമടക്കമുള്ള സംസ്ഥാനങ്ങൾ വ്യക്തത തേടിയതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും കൗൺസിൽ നിർദേശാനുസരണം സർക്കുലറുകളിലൂടെ പ്രശ്നപരിഹാരം നടത്തിയിട്ടുമുണ്ട്. |
| (സി) | 16(4) വകുപ്പ് പ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിക്കാത്ത വ്യാപാരികൾക്ക് ആയത് നഷ്ടപ്പെടാതെ ഉപയോഗിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി നിയമം സംബന്ധിച്ചുള്ള കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത് ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശ പ്രകാരമാണ്. സംസ്ഥാനത്തിന് മാത്രമായി വകുപ്പ് 16(4) ൽ ഇളവുകൾ നൽകുവാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ